# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 28-10-2016- ൽ

നം: 5116 മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസമേഖലയിൽ പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസമേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>വിശദാംശങ്ങൾ നൽകുമോ; | (എ) | 1). ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള 16 കോച്ചിംഗ് സെന്ററുകളിൽ വരും വർഷം NET/SET/JRF എന്നിവയ്ക്ക് കോച്ചിംഗ് നൽകുവാൻ ഉദ്ദേശിയ്ക്കുന്നു.<br>2). കണ്ണൂർ, വയനാട്, കോട്ടയം ജില്ലകളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സിവിൽ സർവീസ് കോച്ചിംഗ് സെന്ററുകളും മലപ്പുറം കേന്ദ്രമാക്കി മൈനോറിറ്റി റിസർച്ച് ഗൈഡൻസ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത വകുപ്പിനു കീഴിൽ വിദ്യാഭ്യാസ മേഖലയിൽ പുതിയതായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ മതവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. SSLC, +2, വി.എച്ച്.എസ്.ഇ തുടങ്ങിയ പൊതു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് (90%ന് മുകളിൽ) മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് 10,000/- രൂപയും ബിരുദത്തിന് 80%-ഉം, ബിരുദാനന്തര ബിരുദത്തിന് 75% മാർക്കും നേടുന്ന കുട്ടികൾക്ക് 15,000/- രൂപയുമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ